ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21-12-2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വികസിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം.

   **President Droupadi Murmu has given assent to the Viksit Bharat-Guarantee for Rozgar and Ajeevika Mission (Gramin) (Viksit Bharat-G RAM G) Bill, 2025.**

2. കഴിഞ്ഞ പത്തുവർഷത്തിൽ രാജ്യത്തെ യൂറിയ ഉൽപ്പാദനം 306 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; അസമിൽ പതിനായിരത്തി 601 കോടി രൂപയുടെ രാസവളം പ്ലാന്റിന്റെ ശിലാസ്ഥാപനം പ്രധാനമന്ത്രി നിർവഹിച്ചു.

   **Prime Minister Narendra Modi said that the country's urea production has increased to 306 lakh metric tonnes in the last ten years; PM Lays Foundation Stone of Rs 10,601 Cr Fertiliser Plant in Assam.**

3. യാത്രാനിരക്ക് പരിഷ്കരിച്ച് ഇന്ത്യൻ റെയിൽവേ; നിരക്കുവർധന 215 കിലോമീറ്ററിലധികമുള്ള യാത്രകൾക്ക്.

   **Railways rationalise passenger fares; Fares for journeys of up to 215 kilometres in Ordinary Class to remain unchanged.**

4. ആശയവിനിമയ ഉപഗ്രഹം ബ്ലൂബേർഡ് ബ്ലോക്ക്-2, ഐഎസ്ആർഒ ബുധനാഴ്ച വിക്ഷേപിക്കും.

   **ISRO to launch communication satellite BlueBird Block-2 on Wednesday.**

5. കേരളത്തിൽ സപ്ലൈകോ ക്രിസ്മസ്-പുതുവത്സര ഫെയറുകൾക്ക് നാളെ തുടക്കമാകും.

**Supplyco Christmas and New Year fairs in Kerala will begin tomorrow.**

6. വനിതാ ട്വന്റി - 20 പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ, ശ്രീലങ്കയെ ബാറ്റിങ്ങിനയച്ചു.

**India won the toss and put Sri Lanka in to bat in the first match of the women's T20 series.**

**&&&&&&&&&&&&&&**

## VB-G RAM G- PREZ

വികസിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം. ഇതോടെ ബിൽ നിയമമായി. ഗ്രാമീണ കുടുംബങ്ങൾക്ക് 125 ദിവസത്തെ തൊഴിൽ, നിയമം ഉറപ്പുവരുത്തുന്നു. ജലസുരക്ഷ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, കാലാവസ്ഥാ ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ തൊഴിൽ സൃഷ്ടിക്കാൻ വിഭാവനം ചെയ്യുന്നതാണ് നിയമം.

**&&&&&&&&&&&&&&**

## CHOUHAN-VB G RAM G BILL- INTRO

വികസനത്തിനും ദാരിദ്ര്യനിർമാർജനത്തിനുമുള്ള മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻറെ അടുത്ത ചുവടുവയ്പ്പാണ് വികസിത് ഭാരത് ജി റാം ജി ബിൽ എന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കാർഷികരംഗത്ത് ബുദ്ധിമുട്ടുകൾ നേരിടുന്ന കർഷകർക്കുള്ള സഹായത്തിനും ബില്ലിൽ വ്യവസ്ഥകളുണ്ടെന്ന് അദ്ദേഹം പരാമർശിച്ചു.

(വോയ്സ്)

&&&&&&&&&&&&&&

## VP - INDORE

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ജന്മശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്റെ സാന്നിധ്യത്തിൽ 'ശുന്യ സേ ശതകം: ഏക ശതാബ്ദി അടൽ ഭാരത് കി' എന്ന പേരിൽ ഇന്ദോറിൽ അനുസ്മരണ പരിപാടി സംഘടിപ്പിച്ചു. ഡെയ്‌ലി കോളേജ് കാമ്പസിൽ ലോക്മാതാ ദേവി അഹല്യഭായിയുടെ പ്രതിമ ഉപരാഷ്ട്രപതി അനാച്ഛാദനം ചെയ്തു.

&&&&&&&&&&&&&&

## PM - ASSAM - INTRO

അസമിലെ ദിബ്രുഗഡ് ജില്ലയിലെ നംരൂപിൽ 10,601 കോടി രൂപയുടെ വളം പ്ലാന്റിന്റെ ശിലാസ്ഥാപനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. അസമിന് മാത്രമല്ല, അയൽ സംസ്ഥാനങ്ങളിലേക്കും വളം ലഭ്യമാക്കാനും ഗണ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പ്ലാന്റ് സഹായിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ പത്തു വർഷത്തിൽ രാജ്യത്തെ യൂറിയ ഉത്പാദനം ഏകദേശം 306 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നതായും അദ്ദേഹം വ്യക്തമാക്കി.

( വോയിസ്....)

രാവിലെ, ഗുവാഹാത്തിയിലെ പശ്ചിം ബോറാഗാവിലെ സ്വാഹിദ് സ്മാരക് ക്ഷേത്രം സന്ദർശിച്ച ശ്രീ മോദി അസം പ്രസ്ഥാനത്തിലെ രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&

## RAILWAYS-FARE RATIONALIZATION

യാത്രാക്കൂലി പരിഷ്കരിച്ച് ഇന്ത്യൻ റെയിൽവേ. 215 കിലോമീറ്ററിൽ അധികമുള്ള യാത്രകൾക്ക്, ഓർഡിനറി ക്ലാസിൽ കിലോമീറ്ററിന് 1 പൈസയാണു വർദ്ധിക്കുക. മെയിൽ-എക്സ്പ്രസ് ട്രെയിനുകളിൽ എസി, എസി-ഇതര ക്ലാസുകൾക്ക് കിലോമീറ്ററിന് 2 പൈസ വീതം വർദ്ധിക്കും. ഓർഡിനറിയിൽ 215 കിലോമീറ്റർ വരെയുള്ള യാത്രാനിരക്കിൽ മാറ്റമില്ല. നിരക്കുവർധന ഈ മാസം 26ന് പ്രാബല്യത്തിൽ വരും.

**&&&&&&&&&&&&&&**

## ISRO-SATELLITE LAUNCH

അമേരിക്കൻ ആശയവിനിമയ ഉപഗ്രഹമായ ബ്ലൂബേർഡ് ബ്ലോക്ക്-2, ഐഎസ്ആർഒയുടെ വിക്ഷേപണ വാഹനം ഉപയോഗിച്ച് ബുധനാഴ്ച വിക്ഷേപിക്കും. അമേരിക്കയുടെ എ.എസ്.ടി. സ്പേസ് മൊബൈലിൻറേതാണ് ഉപഗ്രഹം. സ്മാർട്ട്ഫോണുകളിലേക്ക് നേരിട്ട് ബഹിരാകാശ അധിഷ്ഠിത സെല്ലുലാർ ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി നൽകുന്നതിനായി രൂപകൽപ്പന ചെയ്യതാണ് ബ്ലൂബേർഡ് ബ്ലോക്ക്-2.

**&&&&&&&&&&&&&&**

## HM-EX-AGNIVEER QUOTA

അതിർത്തി സുരക്ഷാസേനയിലെ കോൺസ്റ്റബിൾ റിക്രൂട്ട്മെന്റിൽ മുൻ അഗ്നിവീർമാരുടെ സംവരണം 10 ശതമാനത്തിൽനിന്ന് 50 ശതമാനമായി വർധിപ്പിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. അഗ്നിവീർമാരുടെ ആദ്യ ബാച്ചിന് ഉയർന്ന പ്രായപരിധിയിൽ അഞ്ച് വർഷം വരെ ഇളവ് ലഭിക്കും. മറ്റ് ബാച്ചുകളിലെ അഗ്നിവീർമാർക്ക് മൂന്ന് വർഷം ഇളവുമുണ്ടാകും.

**&&&&&&&&&&&&&&**

## CHOUHAN - FERTILISERS

രാജ്യത്ത് കൃത്രിമമായി ഉണ്ടാക്കുന്ന വളങ്ങൾക്കും കീടനാശിനികൾക്കുമെതിരെ പാർലമെന്റിന്റെ അടുത്ത സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കുമെന്ന് കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കൃത്രിമ വളങ്ങൾ, കീടനാശിനികൾ, മറ്റ് അനധികൃത ബയോ-സ്റ്റിമുലന്റുകൾ എന്നിവയുടെ ഉൽപ്പാദകർക്കെതിരെയും ഇവ വിൽക്കുന്ന വ്യാപാരികൾക്കെതിരെയും കർശന നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&

## MANDAVIYA- SUNDAY ON CYCLE ANNIVERSARY

സൺഡേ ഓൺ സൈക്കിൾ പരിപാടിക്ക് ജനങ്ങൾക്കിടയിൽ വലിയ സ്വീകാര്യതയാണ് ലഭിച്ചതെന്ന് കേന്ദ്ര യുവജനകാര്യ-കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. ശാരീരികക്ഷമത പ്രോത്സാഹിപ്പിക്കുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനുമാണ് സംരംഭം ആരംഭിച്ചതെന്നും അദ്ദേഹം പറഞ്ഞു. സൺഡേ ഓൺ സൈക്കിളിന്റെ ഒന്നാം വാർഷികത്തിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11-ന്. പരിപാടിയുടെ 129 -ാാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

&&&&&&&&&&&&&&

## SUPPLYCO

കേരളത്തിൽ സപ്ലൈകോയുടെ ക്രിസ്മസ്-പുതുവത്സര ഫെയറുകൾക്ക് നാളെ തുടക്കമാകും. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി. ആർ. അനിൽ തിരുവനന്തപുരത്ത് നിർവഹിക്കും.

&&&&&&&&&&&&&&

## WHATSAPP CYBER FRAUD-INTRO

വാട്ട്സ്ആപ്പ് അക്കൗണ്ടുകൾ ഹാക്ക് ചെയ്യുന്നതിന് ഗോസ്റ്റ് പെയറിംഗ് എന്ന പേരിൽ സൈബർ തട്ടിപ്പ് നടക്കുന്നതായി ഇലക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രാലയം. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

വിശദാംശങ്ങളിലേക്ക്....
( വോയിസ്....)

## WHATSAPP CYBER FRAUD- VOICE

ഉപയോക്താവിൻറെ അനുമതി ഇല്ലാതെ വാട്ട്സ്ആപ്പിൻറെ ഡിവൈസ് ലിങ്കിംഗ് സവിശേഷത പ്രയോജനപ്പെടുത്തി, അക്കൗണ്ടുകൾ ഹൈജാക്ക് ചെയ്യുന്ന രീതിയാണ് ഗോസ്റ്റ് പെയറിംഗ്. അതിനാൽ സംശയാസ്പദമായ ലിങ്കുകളിൽ ക്ലിക്ക് ചെയ്യരുതെന്നും ലിങ്ക്ഡ് വാട്ട്സ്ആപ്പ് ഡിവൈസ് സംവിധാനം പതിവായി പരിശോധിക്കണമെന്നും മന്ത്രാലയം മാർഗനിർദേശം പുറത്തിറക്കി. പരിചയക്കാരിൽ നിന്ന് ലഭിക്കുന്ന സന്ദേശത്തിലൂടെയാണ് തട്ടിപ്പ് ആരംഭിക്കുകയെന്ന് സൈബർ വിദഗ്ധർ പറയുന്നു. സന്ദേശത്തിനൊപ്പമുള്ള ലിങ്ക് ക്ലിക്ക് ചെയ്താൽ വ്യാജ വെബ് സൈറ്റ് തുറക്കുകയും പേജിൽ

പെയറിംഗ് കോഡ് നൽകുന്നതോടെ വാട്ട്സ്ആപ്പ് ഹാക്ക് ചെയ്യപ്പെടുകയും ചെയ്യും. സുഹൃത്തിൽ നിന്നാണെങ്കിൽ പോലും, പരിചയമില്ലാത്ത ലിങ്കുകളിൽ ക്ലിക്ക് ചെയ്യരുതെന്നും സംശയാസ്പദമായ വെബ് സൈറ്റുകളിൽ ഫോൺ നമ്പർ നൽകരുതെന്നും കേന്ദ്ര സർക്കാർ മുന്നറിയിപ്പ് നൽകി. ന്യൂസ്ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&

## WOMENS T20 INDIA SRI LANKA

ശ്രീലങ്കയ്ക്കെതിരായ വനിത ട്വന്റി 20 പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ബൗളിങ് തെരഞ്ഞെടുത്തു. വിശാഖപട്ടണത്താണ് മത്സരം.

&&&&&&&&&&&&&&

## ASIA CU P

ഏഷ്യ കപ്പ് അണ്ടർ–19 ക്രിക്കറ്റ് ടൂർണമെൻറിൽ പാകിസ്ഥാന് ജയം. ദുബായിൽ നടന്ന ഫൈനലിൽ 191 റൺസിന് ഇന്ത്യയെ പരാജയപ്പെടുത്തി.

&&&&&&&&&&&&&&

## LSGD OATH

കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവരുടെ തെരഞ്ഞെടുപ്പ് ഈ മാസം 26ന് നടക്കും.

&&&&&&&&&&&&&&

## SIR - RATAN U KELKAR

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കരട് വോട്ടർ പട്ടിക ചൊവ്വാഴ്ച പ്രസിദ്ധീകരിക്കും. പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായതായും അദ്ദേഹം പറഞ്ഞു. പരാതികൾ അടുത്തമാസം 22 വരെ സമർപ്പിക്കാം.

&&&&&&&&&&&&&&

## SREENIVASAN

മലയാളത്തിൻറെ അതുല്യ നടനും തിരക്കഥാകൃത്തും സംവിധായകനുമായ ശ്രീനിവാസന് വിട നൽകി കലാകേരളം. പൂർണ ഔദ്യോഗിക ബഹുമതികളോടെ തൃപ്പൂണിത്തുറ കണ്ടനാട്ടെ വീട്ടുവളപ്പിൽ സംസ്കാരം നടന്നു. എല്ലാവർക്കും നൻമകൾ മാത്രം ഉണ്ടാകട്ടെ എന്ന് എഴുതിയ പേപ്പറും പേനയും ഭൗതികശരീരത്തിൽ വച്ച ശേഷമാണ് ചിതയ്ക്ക് തീകൊളുത്തിയത്.

&&&&&&&&&&&&&&

## SABARIMALA

ശബരിമലയിൽ ഈ മാസം 26-ന് വൈകിട്ട് 6.30-ന് തങ്കയങ്കിചാർത്തി ദീപാരാധന നടക്കും. 27-ന് രാവിലെ10.10 നും 11.30 നും ഇടയിൽ മണ്ഡല പൂജയും നടക്കും. ഇന്ന്, വൈകിട്ട് അഞ്ചുവരെ 51,144 തീർഥാടകരാണ് ദർശനം നടത്തിയത്. 8,682 പേർ സ്പോട്ട് ബുക്കിംഗ് വഴിയും ദർശനം നടത്തി.

&&&&&&&&&&&&&&

## BRIBE - CBI

ഡൽഹിയിൽ കൈക്കൂലി കേസിൽ സൈനിക ഉദ്യോഗസ്ഥനെ സിബിഐ അറസ്റ്റ് ചെയ്തു. ഡിഫൻസ് പ്രൊഡക്ഷൻസ് വകുപ്പിലെ ലെഫ്റ്റനന്റ് കേണൽ ദീപക് കുമാർ ശർമ്മയാണ് അറസ്റ്റിലായത്. റെയ്ഡിൽ രണ്ട് കോടിയിലധികം രൂപയും പിടിച്ചെടുത്തതായി സിബിഐ അറിയിച്ചു. ഇദ്ദേഹത്തിന്റെ ഭാര്യയും സൈനിക ഉദ്യോഗസ്ഥയുമായ കേണൽ കാജൽ ബാലി, ദുബായിലുള്ള പ്രതിരോധ ഉൽപ്പന്ന നിർമാണ കമ്പനി പ്രതിനിധികൾ എന്നിവർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&

## MEA-B DESH HIGH COMMISSION

ന്യൂഡൽഹിയിലെ ബംഗ്ലാദേശ് ഹൈക്കമ്മീഷനിലേക്ക് അതിക്രമിച്ചു കടക്കാൻ ശ്രമം നടന്നിട്ടില്ലെന്ന് വ്യക്തമാക്കി ഇന്ത്യ. ബംഗ്ലാദേശിലെ ദിപു ചന്ദ്ര ദാസിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ഇരുപത്തഞ്ചോളം യുവാക്കൾ ബംഗ്ലാദേശ് ഹൈക്കമ്മീഷന് മുന്നിൽ ഒത്തുകൂടിയെങ്കിലും പോലീസെത്തി സ്ഥിതി നിയന്ത്രിച്ചതായി വിദേശകാര്യ മന്ത്രാലയം പറഞ്ഞു. ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങളിൽ ഇന്ത്യയുടെ ആശങ്ക ബംഗ്ലാദേശിനെ അറിയിച്ചതായും സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&

&&&&&&&&

&&&